## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1094** **08/02/2013 ൽ മറുപടിക്ക്**

## ഏരിയാ ഇന്റൻസീവ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ.റഹീം: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഏരിയാ ഇന്റൻസീവ് പദ്ധതി പ്രകാരം തുടങ്ങിയ മലബാറിലെ 33 സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ഉൾപ്പെടെ മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br>ബി) പ്രസ്തുത ആനുകൂല്യം ഭാവിയിൽ നിയമിക്കുന്ന അദ്ധ്യാപകർക്കും ലഭിക്കുമോ;<br>സി) ഭാവിയിൽ അദ്ധ്യാപകരെ നിയമിക്കുന്നത് പി.എസ്.സി. ലിസ്റ്റിൽ നിന്നാണോയെന്ന് വ്യക്തമാക്കാമോ; | എ) ബി) സി) ഇല്ല. നിലവിലുള്ള ജീവനക്കാർക്ക് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. മറ്റു കാര്യങ്ങളിൽ തീരുമാനമായിട്ടില്ല. |
| ഡി) പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ സ്കൂൾ അദ്ധ്യാപകർക്കുള്ള നിയന്ത്രണം ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) ഇക്കാര്യം പരിഗണനയിലില്ല. |
| ഇ) പ്രസ്തുത സ്കൂളുകൾക്ക് പഞ്ചായത്ത് സ്കൂളുകളുടെ പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഇ) ഇല്ല. |

സെക്ഷൻ ഓഫീസർ